## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്ത് - 2005-06 വർഷ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.7 – സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 467/14/തസ്വഭവ. തിരുവനന്തപുരം, തീയതി: 19/02/2014

പരാമർശം:-
1) പഞ്ചായത്ത് ഡയറക്ടറുടെ 01/10/2012-ലെ എം3-26561/12 നമ്പർ കത്ത്.
2) 15/01/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ LF/PT3/23731/2012 നമ്പർ കത്ത്.
3) കണ്ണൂർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 09/01/2014-ലെ പിഎ 2-2470/13 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 പ്രകാരം ഗ്രാമസഭയ്ക്ക് വാടക സാധനങ്ങൾ, ഗ്രാമസഭാ നോട്ടീസ്, ജലനിധി പദ്ധതി ഉദ്ഘാടനം, അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതി, ഉദ്ഘാടന നോട്ടീസ് എന്നിവയ്ക്ക് ചെലവ് ചെയ്ത വകയിൽ 32,370/- രൂപ ചെലവാക്കിയ നടപടി ഓഡിറ്റ് നിരാകരിച്ചിരുന്നു.

ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ 2005-06 വർഷത്തിൽ ഗ്രാമസഭാ നോട്ടീസ്, ജലനിധി പദ്ധതി ഉദ്ഘാടന നോട്ടീസ്, ഗ്രാമസഭാ വാടക സാധനങ്ങൾ എന്നീ ഇനത്തിൽ 32,370/- രൂപ ചെലവാക്കിയത് വളരെ അടിയന്തിരമായി ചെലവു ചെയ്യേണ്ട ഒരു പ്രവൃത്തി എന്ന നിലയിൽ സദുദ്ദേശ്യത്തോടെ ചെയ്തതിനാൽ ടി ചെലവിന് സാധൂകരണം നൽകണമെന്ന 09/05/2012-ലെ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 51/2012(1) നമ്പർ തീരുമാനം പരാമർശം ഒന്ന് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ടി തുകയ്ക്ക് സാധൂകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനവും ഹാജരാക്കിയിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, ക്വട്ടേഷൻ ക്ഷണിക്കാതെ അടിയന്തിരമായി ചെലവു ചെയ്യേണ്ട സാഹചര്യം സംബന്ധിച്ചും അതു കാരണം പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചും വകുപ്പുതല അന്വേഷണം നടത്തുന്നതിനും അന്വേഷണ റിപ്പോർട്ടനുസരിച്ച് സാധൂകരണം നൽകുന്നതിനും ശുപാർശ ചെയ്തിരുന്നു.

പരാമർശം 3 പ്രകാരം കണ്ണൂർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, വളരെ അടിയന്തിരമായും സദുദ്ദേശ്യത്തോടെയും ചെലവു ചെയ്യേണ്ട ഒരു പ്രവൃത്തി എന്ന നിലയിലും പഞ്ചായത്തിന് ഇതു മൂലം നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല എന്നതിനാലും പഞ്ചായത്ത് സർക്കാർ സാധൂകരണത്തിന് അപേക്ഷ സമർപ്പിച്ചത് പരിഗണിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7-ൽ തടസ്സപ്പെടുത്തിയ 32,370/- രൂപ (മുപ്പത്തിരണ്ടായിരത്തി മുന്നൂറ്റി എഴുപത് രൂപ മാത്രം) ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രസന്നകുമാരി. എം.സി,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, ഉളിക്കൽ ഗ്രാമപഞ്ചായത്ത് , കണ്ണൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ